**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 90** **14-10-2026-ൽ മറുപടിയ്ക്ക്**

**ഫിഷറീസ് വകുപ്പിന് കീഴിലുള്ള നിയമനം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. കെ. കെ. രാമചന്ദ്രൻ

ശ്രീ. കാരായി രാജൻ

ശ്രീ. എൻ. കെ. അക്ബർ

**മറുപടി നൽകിയ മന്ത്രി**

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ

(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** ഫിഷറീസ് വകുപ്പിൻകീഴിലുള്ള സാഫ് (സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവിമെൻ) പദ്ധതികളിൽ ദീർഘകാലമായി ജോലി ചെയ്തുവരുന്ന കോ-ഓർഡിനേറ്റർമാരെ പിരിച്ചുവിട്ട് പുതിയ നിയമനം നടത്താൻ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ അടിയന്തര കാരണം എന്താണെന്ന് വിശദമാക്കാമോ;

**മറുപടി:** സാഫിന്റെ വിവിധ പദ്ധതികളിൽ ദീർഘ കാലമായി ജോലി ചെയ്തുവരുന്ന മിഷൻ കോ—ഓർഡിനേറ്റർമാരെ പിരിച്ചുവിടുന്നതിനുള്ള നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. 2026 -27 സാമ്പത്തിക വർഷം സാഫിന് വേണ്ടി അനുവദിച്ചിട്ടുള്ള പദ്ധതികൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി മിഷൻ കോ-ഓർഡിനേറ്റർമാരുടെ ഒഴിവുള്ള തസ്തികകളിലേക്ക് സംസ്ഥാനത്ത് ആകമാനം നിയമനം നടത്തുന്നതിനുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

**(ബി)** നിലവിലെ ജീവനക്കാർക്ക് അപ്രാപ്യമായ രീതിയിൽ അടിസ്ഥാന യോഗ്യതകളും പ്രായപരിധിയും പുതുക്കി നിശ്ചയിച്ച് പുതിയ വിജ്ഞാപനം പുറപ്പെടുവിച്ചത് രാഷ്ട്രീയ താല്പര്യങ്ങളോടെയുള്ള നിയമനങ്ങൾ നടത്തുന്നതിനു വേണ്ടിയാണെന്ന് പറയപ്പെടുന്നുണ്ടോ; വസ്തുതകൾ വെളിപ്പെടുത്താമോ;

**മറുപടി:** ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സാഫിന്റെ അധീനതയിലുള്ള വനിതാ സംരംഭകർ ഉൽപാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ ബ്രാൻഡ് ചെയ്ത് വിപണിയിൽ ഇറക്കുന്നതിനും, മാർക്കറ്റിംഗിന് സാധ്യതകൾ കണ്ടെത്തുന്നതിനും സാങ്കേതിക വൈദഗ്ധ്യം ഉള്ള മിഷൻ കോ-ഓർഡിനേറ്റർമാരുടെ സേവനം വളരെ പ്രധാനമാണ്. നിലവിൽ സാഫിൽ ജോലി ചെയ്യുന്നവരിൽ പ്രവർത്തി പരിചയമുള്ള നിശ്ചിത യോഗ്യതയുള്ള മിഷൻ കോ-ഓർഡിനേറ്റർമാർക്ക് പങ്കെടുക്കാവുന്ന രീതിയിലാണ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്. ഉയർന്ന സാങ്കേതിക വൈദഗ്ധ്യം അനിവാര്യ യോഗ്യതയായുള്ള മിഷൻ കോ-ഓർഡിനേറ്റർമാരുടെ സേവനം, സാഫ് പദ്ധതികൾ മത്സ്യത്തൊഴിലാളി വനിതാ സംരംഭകർക്ക് പ്രയോജനപ്രദമായ രീതിയിൽ നടപ്പിലാക്കുന്നത് അത്യാവശ്യമാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് യോഗ്യത പുതുക്കി വിജ്ഞാപനം പുറപ്പെടുവിച്ചത്.

**(സി)** പരിചയസമ്പന്നരായ ജീവനക്കാരെ ഒഴിവാക്കുന്നത് തീരമേഖലയിലുൾപ്പെടെയുള്ള പദ്ധതികളുടെ നടത്തിപ്പിനെയും തീരദേശത്തെ സംരംഭക യൂണിറ്റുകളുടെ പ്രവർത്തനത്തെയും ബാധിക്കുമെന്നത് കണക്കിലെടുത്ത് പ്രസ്തുത വിഷയം പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

**<u>മറുപടി:</u>** പരിചയസമ്പന്നരായ യോഗ്യതയുള്ള മിഷൻ കോ-ഓർഡിനേറ്റർമാരെ ഒഴിവാക്കുന്നതിന് തീരുമാനിച്ചിട്ടില്ല. 2026-27 സാമ്പത്തിക വർഷത്തെ പദ്ധതികൾ നടപ്പാക്കുന്നതിന് നിയമ പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിച്ച്, നിശ്ചിത യോഗ്യതയുള്ള മിഷൻ കോ- ഓർഡിനേറ്റർമാരെ നിയമിക്കുന്നതിനാണ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്. നിലവിൽ ജോലി നോക്കി വരുന്ന യോഗ്യതയുള്ള മിഷൻ കോ-ഓർഡിനേറ്റർമാർക്കും പങ്കെടുക്കാവുന്ന രീതിയിലാണ് വിജ്ഞാപനം ഇറക്കിയിട്ടുള്ളത്.

**(ഡി)** പത്ത് മുതൽ ഇരുപത് വരെ വർഷം പ്രവൃത്തിപരിചയമുള്ള നിലവിലെ കോ-ഓർഡിനേറ്റർമാരുടെ തൊഴിൽ സംരക്ഷിക്കുന്നതിനും അവരെ സർവീസിൽ നിലനിർത്തുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** പരിചയസമ്പന്നരായ യോഗ്യതയുള്ള മിഷൻ കോ-ഓർഡിനേറ്റർമാരെ ഒഴിവാക്കുന്നതിന് തീരുമാനിച്ചിട്ടില്ല. 2026-27 സാമ്പത്തിക വർഷത്തെ പദ്ധതികൾ നടപ്പാക്കുന്നതിന് നിയമ പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിച്ച്, നിശ്ചിത യോഗ്യതയുള്ള മിഷൻ കോ- ഓർഡിനേറ്റർമാരെ നിയമിക്കുന്നതിനാണ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്. നിലവിൽ ജോലി നോക്കി വരുന്ന യോഗ്യതയുള്ള മിഷൻ കോ-ഓർഡിനേറ്റർമാർക്കും പങ്കെടുക്കാവുന്ന രീതിയിലാണ് വിജ്ഞാപനം ഇറക്കിയിട്ടുള്ളത്.

**സെക്ഷൻ ഓഫീസർ**